മടവൂർ രാധാകൃഷ്ണൻ

# ആനയും കുഞ്ഞാലൻ ചേട്ടനും



പാറയെക്കണ്ടപ്പോൾ കുഞ്ഞാലൻ ചേട്ട-
നൊരാനയെപ്പോലത് തോന്നി!
പാറപ്പുറത്ത് കയറിയിരുന്നപ്പോൾ
പാറക്ക് തുമ്പിക്കൈ നീണ്ടുവന്നു!
പാറക്ക് പിന്നിൽ വാലൊന്നു നീണ്ടു
പാറക്ക് മുന്നിൽ കൊമ്പുകൾ വന്നു!
പാറക്കിരുവശം ചെവികൾ വന്നു
പാറക്ക് കാലുകൾ നാല് വന്നു!
പെട്ടെന്നാന നടന്നു പോയപ്പോൾ
കുഞ്ഞാലൻ പേടിച്ചരണ്ടുപോയി!
അയ്യോ ഇതൊക്കെയും കുഞ്ഞാലൻ ചേട്ടൻ
രാത്രിയിൽ കണ്ടൊരു സ്വപ്നമാണേ!

# ചാട്ടങ്ങൾ

സത്യചന്ദ്രൻ പൊയിൽക്കാവ്



തവളച്ചാട്ടം ചെറുചാട്ടം
വയലിൽ ചെന്നാൽ കാണാലോ
മുയലിൻ ചാട്ടം ബഹുകേമം
കാട്ടിലാകെ തെറിച്ചീടും
പുലിയുടെ നരിയുടെ ചാട്ടങ്ങൾ
അയ്യോ പേടിച്ചാകെ വിറക്കുന്നു!
ഉണ്ണിക്കുട്ടൻ ചാടുമ്പം
എന്തൊരു ചിരിയാണപ്പൂപ്പൻ!

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും നീളം കൂടിയ നദി– സിന്ധു